# വിജയം വരിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നബി(സ) യുടെ ചില ഉപദേശങ്ങൾ

============

ഇത് പ്രവാചകന്റെ വെറും ഒരു ഉപദേശം മാത്രമല്ല
അവിടെത്തെ ജീവിത ചര്യയായിരുന്നു

============

## الأخلاق الحسنة

## സത്സ്വഭാവം

قال ﷺ :إنّ من خياركم أحسنكم أخلاقا رواه مسلم.

**നബി(സ) പറഞ്ഞു. നിങ്ങളിൽ നിന്ന് ഏറ്റവും ഉത്തമൻ നിങ്ങളിൽ നിന്ന് ഏറ്റവും നല്ല സ്വഭാവം ഉള്ളവരാണ് ( മുസ്ലിം)**

قال ﷺ :ما من شيء أثقل في ميزان العبد المؤمن يوم القيامة من حسن الخلق وإنّ الله ليبغض الفاحش البذيء] رواه الترمذي

**നബി(സ) പറഞ്ഞു ഖിയാമത്ത് നാളിൽ വിശ്വാസിയായ അടിമയുടെ തുലാസിൽ നല്ല സ്വഭാവത്തേക്കാൾ ഭാരം തൂങ്ങുന്ന ഒന്നുമില്ല (തുർമുദി)**

## التقوى

## ഭയഭക്തി

قال ﷺ :اتقوا الله وصلوا خمسكم وصوموا شهركم وأدوا زكاة أموالكم وأطيعوا امرائكم تدخلوا جنّة ربّككم رواه الترمذي حديث حسن صحيح .

**നബി(സ) പറഞ്ഞു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അഞ്ച് നേരം നിസ്കരിക്കുകയും നിങ്ങളുടെ മാസം (റമളാൻ) നോമ്പ് നോൽക്കുകയും നിങ്ങളുടെ സമ്പത്തിൽ നിന്നു സകാത്ത് കൊടുക്കുകയും നിങ്ങളുടെ ഭരണാധികാരികൾക്ക് വഴിപ്പെടുകയും ചെയ്യുക എന്നാൽ നിങ്ങളുടെ റബ്ബിന്റെ സ്വർഗ്ഗത്തി ൽ പ്രവേശിക്കാം (തുർമുദി)**

## التوبة

## ഖേദിച്ചു മടങ്ങൽ

www.islamkerala.com

قال ﷺ :يا أيّها النّاس توبوا إلى الله فإنّي أتوب إلى الله في اليوم مائة مرة «
]رواه مسلم.

നബി(സ) പറഞ്ഞു ഓ! മനുഷ്യ സമൂഹമേ! നിങ്ങൾ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുക കാരണം തീർച്ചയായും ഞാൻ എല്ലാ ദിവസവും 100 വട്ടം അല്ലാഹു വിലേക്ക് ഖേദിച്ചു മടങ്ങുന്നു ( മുസ്ലിം)

## الصبر

## ക്ഷമ

قال ﷺ :الطهور شطر الإيمان، والحمد لله تملأ الميزان، وسبحان الله والحمد لله تملآن ـ أو تملأ ـ ما بين السماء والأرض، والصلاة نور، والصدقة برهان، والصبر ضياء، والقرآن حجة لك أو عليك، كل النّاس يغدو فبائع نفسه، فمعتقها أو موبقها] «رواه مسلم .

നബി(സ) പറഞ്ഞു ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണ്. അൽ ഹംദുലില്ലാഹ് മീസാൻ(തുലാസ്) നിറക്കും,"സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി"എന്നത് ആകാശ ഭൂമികളുടെ ഇടയിലുള്ളതെല്ലാം നിറക്കും, നിസ്കാരം പ്രകാശമാണ്, ക്ഷമ പ്രഭയാണ്, ഖുർആനു ഗുണമായും പ്രതികൂലമായുമുള്ള തെളിവാണ്, എല്ലാമനുഷ്യരും അവരുടെ ശരീരങ്ങളെ വ്യവഹാരം നടത്തുന്നു അങ്ങനെ അതിനെമോചിപ്പിക്കുകയോ ബന്ധസ്ഥമാക്കുകയോ ചെയ്യുന്നു ( മുസ്ലിം)

## الحلم

## സഹനം

قال ﷺلأشج عبد القيس :إنّ فيك خصلتين يحبهما الله: الحلم والأناة رواه مسلم .

നിങ്ങളിലുള്ള രണ്ട് കാര്യം അല്ലാഹു വല്ലാതെ ഇഷ്ടപ്പെടുന്നു. ഒന്ന് സഹനവും രണ്ട് സാവകാശവും ( മുസ്ലിം)

## الصدق

## സത്യം

www.islamkerala.com

قال ﷺ :إنّ الصدق يهدى إلى البر وإنّ البر يهدى إلى الجنّة وإنّ الرجل ليصدق ويتحرى الصدق حتى يكتب عند الله صديقا] «أخرجه أبو داود .

നബി(സ) പറഞ്ഞു. സത്യം നന്മയിലേക്കു നയിക്കും, നന്മ സ്വർഗ്ഗത്തിലേക്കും നയിക്കും. ഒരു മനുഷ്യൻ സത്യം പറയുകയും സത്യത്തെ സൂക്ഷിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ അടുത്ത് അവൻ സത്യവാനായി രേഖപ്പെടുത്തും. ( അബൂദാവൂദ്)

## المراقبة
## ശാക്തീകരണം

قال ﷺ :اتق الله حيثما كنت واتبع السيئة الحسنة تمحها وخالق النّاس بخلق حسن رواه الترمذي

നബി(സ) പറഞ്ഞു. നിങ്ങൾ എവിടെയാണെങ്കിലും അല്ലാഹുവിനെ സൂക്ഷിക്കുക തിന്മയോട് നന്മയെ തുടർത്തുക അത് തിന്മയെ മായിച്ചുകളയും ജനങ്ങളുമായി നല്ല സ്വഭാവത്തിൽ വർത്തിക്കുക ( തുർമുദി)

## اليقين
## സ്ഥിരത

قال ﷺفي سيد الإستغفار
أن نقول :اللّهم أنت ربي لا إله إلاّ أنت خلقتني وأنا عبدك وأنا على عهدك ووعدك ما استطعت، أعوذ بك من شر ما صنعت أبوء لك بنعمتك عليّ وأبوء بذنبي فاغفر لي فإنّه لا يغفر الذنوب إلاّ أنت،
قال: ومن قالها من النهار موقنا بها فمات من يومه قبل أن يمسي فهو من أهل الجنّة ومن قالها من الليل وهو موقنا بها فمات قبل أن يصبح فهو من أهل الجنّة رواه البخاري .

നബി(സ) പറഞ്ഞു. ഇസ്തിഗ്ഫാറിന്റെ നേതാവ് "

"അല്ലാഹുമ്മ അൻത റബ്ബീ ലാഇലാഹ ഇല്ലാഅൻത ഖലഖ്തനീ വഅന അബ്ദുക വഅന അലാ അഹ്ദിക വവഅ്ദിക മസ്തത്വഅ്ത അഊദുബിക മിൻ ശർറി മാസ്വനഅ്തു അബൂഅലക ബിനിഅ്മതിക അലയ്യ വഅബൂഅ ബിദൻബീ ഫഗ്ഫിർലീ ഫഇന്നഹൂ ലായഗ്ഫിറുദുനൂബ ഇല്ലാഅൻത" എന്നു പറയലാണ് എന്നിട്ട് നബി(സ) പറഞ്ഞു. വല്ലവനും പകലിൽ ഇത് ചൊല്ലിയാൽ (

www.islamkerala.com

ഉറച്ച വിശ്വാസത്തോടെ) ആരാത്രി നേരം പുലരുന്നതിനു മുമ്പ് അവൻ മരണ ഷെട്ടാൽ അവനും സ്വർഗ്ഗത്തിന്റെ അവകാശിയാണ്. ( ബുഖാരി )

قال» : ادعوا الله وأنتم موقنون بالإجابة واعلموا أنّ الله لايستجيب دعاء من قلب غافل لاه رواه الترمذي .

നബി(സ) പറഞ്ഞു ഉത്തരം കിട്ടുമെന്ന ഉറച്ച വിശ്വാസത്തോടെ അല്ലാഹുവി നോട് നിങ്ങൾ ദുആ ചെയ്യുക, അറിയുക! അശ്രദ്ധമായ ഹൃദയത്തിന്റെ പ്രാ ർത്ഥനക്ക് അല്ലാഹു ഉത്തരം നൽകുകയില്ല (തുർമുദി)

## التوكل

## സമർപ്പണം

قال ﷺ :لو أنّكم تتوكلون على الله حق توكله لرزقكم كما يرزق الطير تغدو خماصا وتعود بطانا حسن رواه الترمذي

നബി(സ) പറഞ്ഞു. അല്ലാഹുവിന്റെ മേൽ പരിപൂർണ്ണമായും നിങ്ങൾ സമർപ്പി ച്ചാൽ അല്ലാഹു നിങ്ങൾക്ക്നൽകും (എല്ലാം) വിശന്നവയറുമായി പ്രഭാതത്തി ൽ പോകുന്ന പക്ഷി വയറു നിറച്ചു മടങ്ങുന്നത് പോലെ നൽകും (തുർമുദി)

## الاستقامة

## നേരെ ചൊവ്വെ

سفيان بن عبد الله رضي الله عنه قال: قلت يا رسول الله قل لي في الإسلام قولا لا أسأل عنه أحدا غيرك، قال :آمنت بالله ثم استقم] رواه مسلم

സുഫ്യാൻ(റ)നെതൊട്ട് ഉദ്ധരിക്കുന്നു അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ) യോട് ചോദിച്ചു യാ റസൂലുല്ലാഹ്! തങ്ങളോട് അല്ലാതെ മറ്റാരോടും ചോദി ക്കേണ്ടതില്ലാത്ത രീതിയിൽ ഇസ്ലാമിന്റെ കാര്യങ്ങൾ എനിക്ക് പറഞ്ഞു തരൂ നബിയേ! അപ്പോൾ നബി(സ) പറഞ്ഞു അല്ലാഹുവിൽ വിശ്വസിക്കുകയും നേരേ ചൊവ്വെ ജീവിക്കുകയും ചെയ്യുക (മുസ്ലിം)

## والمسارعة في الخيرات المبادرة

## നന്മയിലേക്കുള്ള മുന്നേറ്റം ഔൽസുക്യം

قال ﷺ :بادروا بالأعمال سبعا، هل تنتظرون إلاّ فقرا منسيا أو غنى مطغيا أو مرضا مفسدا أو هرما مفندا أو موتا مجهزا أو الدجال فشر غائب ينتظر أو الساعة فالساعة أدهى وأمر رواه الترمذى وحسنه

www.islamkerala.com

ഏഴ് കർമ്മങ്ങൾ കൊണ്ട് നിങ്ങൾ മുന്നേറുക നന്മകൾ മറന്നു പോകുന്ന ദാരിദ്ര്യം, പ്രയാസങ്ങൾതിരസ്കരിക്കുന്നഐശ്വര്യം കുഴപ്പത്തിലാക്കുന്ന രോഗം, ബുദ്ധി ഭ്രംശം സംഭവിക്കുന്ന വാർദ്ധക്യം, പെട്ടെന്നുള്ള മരണം, പ്രതീക്ഷിക്കപ്പെടുന്ന അദൃശ്യ ശർറായ ദജ്ജാൽ, അന്ത്യനാൾ, അന്ത്യനാൾ അത് ഭയാനകം തന്നെ (തുർമുദി) ഈ ഏഴു കാര്യങ്ങൾ വരുന്നതിനു മുമ്പ് നീ പ്രവർത്തനങ്ങളിൽ മുന്നേറിക്കോ

## المجاهدة

## പരിശ്രമം

قال الله تعالى :وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا وَإِنَّ اللَّهَ لَمَعَ الْمُحْسِنِينَ { ]العنكبوت: 69 )قال ﷺ :حجبت النّار بالشبهات وحجبت الجنّة بالمكاره متفق عليه .

അല്ലാഹു പറയുന്നു നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരെ നാം നമ്മുടെ മാർഗ്ഗത്തിലേക്ക് വഴി നടത്തും. തീർച്ചയായും അല്ലാഹു നന്മ ചെയ്യുന്നവരുടെ കൂടെയാണ്. (അൻകബൂത് 69)

നബി(സ) പറഞ്ഞു. വൈകാരികത കൊണ്ടാണ് നരകം മറക്കപ്പെട്ടിരിക്കുന്നത് വെറുക്കപ്പെടുന്ന കാര്യങ്ങളെക്കൊണ്ടാണ് സ്വർഗ്ഗം മറക്കപ്പെട്ടിട്ടുള്ളത്. (ബുഖാരി, മുസ്ലിം)

## الحرام العفة عن

## ഹറാമിനെത്തൊട്ട് ഒഴിഞ്ഞു നിൽക്കൽ

قال ﷺ :من يضمن لي ما بين لحييه وما بينرجليه أضمن له الجنّة رواه البخاري .

നബി(സ) പറഞ്ഞു. വല്ല ഒരുത്തനും അവന്റെ താടിയെല്ലിന്റെ ഇടയിലുള്ള ഒന്നിനെയും (നാവ്) അവന്റെ രണ്ട് കാലിന്റെ ഇടയിലുള്ള ഒന്നിനെയും( ഗുഹ്യസ്ഥാനം)ജാമ്യംനിന്നാൽ അവന്ന് ഞാൻ സ്വർഗ്ഗം കൊണ്ട് ജാമ്യം നിൽക്കും

## حسد

## അസൂയ

قال ﷺ :لا حسد إلاّ في اثنتين: رجل أتاه الله مالا فسلطه على هلكته فى الحق ورجلا أتاه الله الحكمة فهو يقضي بها ويعلمها- متفق عليه

www.islamkerala.com

നബി(സ) പറഞ്ഞു രണ്ട് കാര്യത്തിലല്ലാതെ അസൂയ ഇല്ല. ഒന്ന് ഒരു മനുഷ്യ ൻ അവന്ന്അല്ലാഹു ധാരാളംസമ്പത്ത് നൽകി അങ്ങിനെ അവൻ അത് സത്യ ത്തിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചു. രണ്ട് മറ്റൊരാൾ അല്ലാഹു അവന്ന് ധാരാളം വിജ്ഞാനം നൽകി. അതിന്റെ അടിസ്ഥാനത്തിൽ അവൻ വിധിക്കു കയും (മറ്റുള്ളവർ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു ( ബുഖാരി, മുസ്ലിം)

## الأمانة

## വിശ്വസ്തത

قال ﷺ :آية المنافق ثلاث :إذا حدث كذب وإذا وعد أخلف وإذا اؤتمن خان متفق عليه .

നബി(സ) പറഞ്ഞു കപട വിശ്വാസിയുടെ അടയാളം മൂന്നെണ്ണമാണ്. ഒന്ന് സംസാരം തുടങ്ങിയാൽ അവൻ കളവ് പറയും, രണ്ട് അവൻ വാഗ്ദത്തം ലംഘിക്കും മൂന്ന് വിശ്വസിച്ചാൽ അവൻ വഞ്ചിക്കും( ബുഖാരി, മുസ്ലിം)

## الحب فى الله

## അല്ലാഹുവിന്റെ കാര്യത്തിൽ സ്നേഹിക്കുക

قال ﷺ :قال الله عز وجل المتحابون في جلالي لهم منابر من نور يغبطهم النبيون والشهداء رواه الترمذي وقال حديث حسن صحيح.

നബി(സ) പറഞ്ഞു. അല്ലാഹു പറഞ്ഞു എന്റെ കാര്യത്തിൽ പരസ്പരം ഇഷ്ട പ്പെടുന്നവർക്ക് അമ്പിയാക്കളും ഔലിയാക്കളും ആഗ്രഹിക്കുന്ന പ്രകാശത്താ ലുള്ള സ്ഥാനങ്ങളുണ്ട്.(തുർമുദി)

## الإيثار

## പ്രതിഫലനങ്ങൾ

قال الله تعالى :وَيُؤْثِرُونَ عَلَى أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ وَمَن يُوقَ شُحَّ نَفْسِهِ فَأُوْلَئِكَ هُمُ الْمُفْلِحُونَ( الحشر:9)

അല്ലഹു പറഞ്ഞു. തങ്ങളുടെ മനസ്സുകളിൽ(അൻസ്വാറുകൾ) ഒരാവശ്യവും അവർ കാണുന്നില്ല തങ്ങൾക്ക് ദാരിദ്ര്യം ഉണ്ടായാൽ പോലും സ്വദേഹങ്ങളേ ക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും ഏതൊരാൾ

www.islamkerala.com

തന്റെ മനസ്സിനെ പിശുക്കിൽനിന്ന് കാത്ത് സൂക്ഷിക്കുന്നുവോ അവർ തന്നെയാണ് വിജയികൾ ( ഹശ്ർ 9)

أخي المسلم إذا أردت أن تتحلى بهذه الأخلاق وغيرها من الأخلاق الحسنة فعليك بخلق النبي ﷺ حيث مدحه ربّه فقال :وَإِنَّكَ لَعَلى خُلُقٍ عَظِيمٍ( القلم: 4 .) وإذا أردت أن تعرف ما هو خلقه؟ فإنّ خلقه القرآن.

ഓ! സഹോദരാ,,,, നീ ഇത് പോലുള്ള സ്വഭാവം സ്വീകരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അല്ലാഹു പുകഴ്ത്തിയ അല്ലാഹുവിന്റെ റസൂലിന്റെ സ്വഭാവം ഉൾക്കൊള്ളുക. അല്ലാഹു പറഞ്ഞില്ലേ! നബിയേ! താങ്കൾ വലിയ സ്വഭാവത്തിലാണ് (ഖലം4) നബി(സ)യുടെ സ്വഭാവം എന്തായിരുന്നു എന്ന് നിനക്കറിയണമെങ്കിൽ നീ ഖുർആനിക സ്വഭാവം സ്വീകരിച്ചോ! നബി(സ)യുടെ സ്വഭാവം ഖുർആനായിരുന്നു.

തയ്യാറാക്കിയത് : ഹനീഫ മുസ്ലിയാർ പുറത്തൂർ

മാന്യ സുഹൃത്തുക്കളെ,, ഈസന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സഹോദര സഹോദരിമാർക്കും ഫോർവേഡ്ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാളിയാവുക.

നിങ്ങളുടെ വിലപ്പെട്ട സമയത്തുള്ള പ്രാർത്ഥനയിൽ ഇത് തയ്യാറാക്കിയ ഹനീഫ ഉസ്താദിനെയും ഇസ്ലാംകേരള പ്രവർത്തകരെയും, നമ്മുടെ മാതാപിതാക്കളെയും നാമുമായി ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തണമെന്ന് വളരെ വിനയത്തോടെ,,,,,,,,

ഇസ്ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

www.islamkerala.com

E-mail : abdulla_cherumba@yahoo.com
Mobile : 0091 9400534861